**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.16** **09.06.2014 ൽ മറുപടിയ്ക്ക്**

**ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച അപേക്ഷകളിൽ തീരുമാനം**

**ചോദ്യം** **മറുപടി**

ശ്രീ. വി. ശശി

ശ്രീ.ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

| | |
|---|---|
| (എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച അപേക്ഷകളിൽ / ഹർജികളിൽ തീരുമാനം എടുക്കുന്നതിന് നിലവിലെ നിയമങ്ങളിൽ/ ചട്ടങ്ങളിൽ/ ഉത്തരവുകളിൽ ഭേദഗതി വരുത്തേണ്ടതായി വന്നിട്ടുണ്ടോ; | (എ) മുഖ്യമന്ത്രിയുടെ ഒന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച പരാതികൾ പരിശോധിച്ചപ്പോൾ നിലവിലുളള ചില ചട്ടങ്ങളും ഉത്തരവുകളും ഭേദഗതി ചെയ്യേണ്ടതാണെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ 45 പുതിയ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) സർക്കാർ വകുപ്പുകളിലെ വിവിധ ഓഫീസുകളിൽ ഫയലുകളിൽ തീരുമാനം എടുക്കുന്നതിന് നിയമ/ചട്ടങ്ങളുടെ ഭേദഗതി പരിഷ്ക്കരണം ആവശ്യമുണ്ടോയെന്ന കാര്യത്തിൽ അവസാനമായി എന്നാണ് പഠനം നടത്തിയത്; ഈ പഠനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; | (ബി) സർക്കാർ ഓഫീസുകളിൽ ഫയലുകൾ കൈകാര്യം ചെയ്യുന്നതിനും തീരുമാനമെടുക്കുന്നതിനുമായി ആവശ്യമായ നിയമ/ചട്ട ഭേദഗതികൾ കാലാകാലങ്ങളിൽ നടത്തി വരുന്നുണ്ട്. |

| | |
|---|---|
| (സി) ജനസമ്പർക്ക പരിപാടിയിൽ അപേക്ഷകൾ/ ഹർജികൾ തീർപ്പാക്കുന്നതിന് നിയമ/ചട്ടങ്ങളുടെ ഭേദഗതി ആവശ്യമില്ലാത്ത സംഗതിയിൽ ബന്ധപ്പെട്ട ഓഫീസുകളുടെ വീഴ്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം വീഴ്ച ആവർത്തിക്കാതിരിക്കാൻ നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാം? | (സി) നിയമ/ചട്ടങ്ങളുടെ പരിധിയിൽ നിന്നുകൊണ്ട് പരമാവധി വേഗത്തിൽ പരാതികൾക്ക് തീർപ്പ് കൽപ്പിക്കാൻ എല്ലാ വകുപ്പു തലവൻമാർക്കും ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

Kulalan
സെക്ഷൻ ഓഫീസർ